# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി 6 - 660/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി 6 - 660/21 തീയ്യതി: 26/10/2021

## പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-09-2021 | 24-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 24-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ , ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ.വി.എൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് ബി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി ബിന്ദു റെജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സന്ദീപ് ജേക്കബ് | സെക്രട്ടറി | 01-04-2020 | 27-02-2021 |
| ശ്രീ പ്രദീപ് കെ | സെക്രട്ടറി | 28-02-2021 | 07-03-2021 |
| ശ്രീമതി. മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 08-03-2021 | 08-03-2021 |
| ശ്രീ പ്രദീപ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ എസ് എസ് | കൃഷി ഓഫീസർ | 01-04-2020 | 22-08-2020 |
| ശ്രീമതി ട്രീസ സെലിൻ ജോസഫ് | കൃഷി ഓഫീസർ | 23-08-2020 | 19-10-2020 |
| ശ്രീ ലാൽ കുമാർ | കൃഷി ഓഫീസർ | 20-10-2020 | 11-11-2020 |
| ശ്രീ മുത്തുസ്വാമി എം റ്റി | കൃഷി ഓഫീസർ | 12-11-2020 | 26-11-2020 |
| ശ്രീമതി പ്രിയ ദിനേശ് | കൃഷി ഓഫീസർ | 27-11-2020 | 23-02-2021 |
| ശ്രീമതി ഷീബ എസ് എസ് | കൃഷി ഓഫീസർ | 24-02-2021 | 31-03-2021 |
| ശ്രീമതി നീലിമ എസ് രാജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഷാജി ബി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. വി ഒ സജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ നക്ഷത്രകുമാർ | വി.ഇ.ഒ I | 01-04-2020 | 28-07-2020 |
| ശ്രീ രാജേഷ് ഡി | വി.ഇ.ഒ I | 29-07-2020 | 31-03-2021 |
| ശ്രീമതി സുധർമണി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുജാകുമാരി എൻ | ഹെഡ്മിസ്ട്രസ് | 01-04-2020 | 16-06-2020 |
| ശ്രീമതി ജിജി തോമസ് സി | ഹെഡ്മിസ്ട്രസ് | 17-06-2020 | 16-02-2021 |
| ശ്രീമതി ലേഖാകുമാരി എം. സി | ഹെഡ്മിസ്ട്രസ് | 17-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M Harikumar (Asst. Audit Officer, On 18-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 18-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 18-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 1-5 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-10 |
| 12 | ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം തനത് ചെലവുകൾ നിർവഹിക്കാൻ അപര്യാപ്തം<br>Written By: M Harikumar (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 1-11 |
| 13 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: M Harikumar (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-12 |
| 14 | മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കിയിട്ടില്ല<br>Written By: SINDHUMOL V N (Auditor, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 1-13 |
| 15 | മുറിച്ചുമാറ്റിയ തടി ലേലം ചെയ്തിട്ടില്ല<br>Written By: M Harikumar (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-14 |
| 16 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-15 |
| 17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-16 |

| | | |
|---|---|---|
| 18 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-17 |
| 19 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തത്-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി<br>Written By: M Harikumar (Asst. Audit Officer, On 22-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 1-18 |
| 20 | തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും-പ്രോജക്ടുകളുടെ ബാഹുല്യം-നിർവ്വഹണവും മോണിട്ടറിംഗും സാധ്യമാക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 18-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-19 |
| 21 | പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 23.62 ലക്ഷം രൂപ<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 31-10-2021) | 1-20 |
| 22 | വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം - മാർഗ്ഗനിർദ്ദേശം പാലിച്ചില്ല<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-21 |
| 23 | വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-22 |
| 24 | ആയുർവേദ മെഡിക്കൽ ഓഫീസർ<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-22-1 |
| 25 | പി.എച്ച്.സി മെഡിക്കൽ ഓഫീസർ<br>Written By: Aswathy.V.Nair (Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-22-2 |
| 26 | ഹോമിയോ മരുന്നുകൾ ലഭിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 1-22-3 |
| 27 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം-ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-23 |
| 28 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-24 |
| 29 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം<br>Written By: M Harikumar (Asst. Audit Officer, On 19-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 1-25 |
| 30 | മെറ്റീരിയൽ കളക്ഷൻ സെന്റർ-ലക്ഷ്യം കൈവരിച്ചില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-26 |
| 31 | പൈപ്പ് ലേലം ചെയ്തില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-26-1 |
| 32 | കലുങ്ക് നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 22-10-2021) | 1-27 |
| 33 | അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം | 1-28 |

| | | |
|---|---|---|
| | കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർജ്ജീവം<br>Written By: Asha M Kuruvilla (Auditor, On 24-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 21-10-2021) | |
| 34 | അഗതി രഹിത കേരളം- പൊതുവിഭാഗം വികസനഫണ്ട് യഥാർത്ഥ അക്കൗണ്ടിലേക്കല്ല ക്രെഡിറ്റ് ചെയ്യപ്പെടുന്നത്<br>Written By: Asha M Kuruvilla (Auditor, On 21-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-28-1 |
| 35 | അഗതിരഹിത കേരളം- ചലഞ്ച് ഫണ്ട് യഥാസമയം കൈമാറി നൽകാത്തതിനാൽ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 21-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 26-10-2021) | 1-28-2 |
| 36 | വ്യക്തികൾ പഞ്ചായത്തിന് വാഗ്ദാനം ചെയ്ത ഭൂമി- തുടർ നടപടിയില്ല<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 21-10-2021) | 1-29 |
| 37 | ഇ-ടെണ്ടർ കൂടുതൽ അഭികാമ്യം<br>Written By: Muhsin Faisal (Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 20-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 05-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 17-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 23-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: Johncy John (Computer Assistant, On 21-10-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 23-09-2021)<br>Last Updated By: Asha M Kuruvilla (Auditor, On 23-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| | Written By: Asha M Kuruvilla (Auditor, On 17-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | |

| **അനുബന്ധം** | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 138815312 രൂപ വരവും 130365500 രൂപ ചെലവും 8449812/- രൂപ മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം ഉണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 13065000 | 3851229 | 9213771 |
| | എ | വസ്തുനികുതി | 8000000 | 2752869 | 5247131 |
| | ബി | തൊഴിൽ നികുതി | 2500000 | 1098360 | 1401640 |
| | സി | സേവന നികുതി | 2400000 | 819003 | 1580997 |
| 2 | | നികുതിയിതര വരവുകൾ | 2972500 | 918891 | 2053609 |
| | എ | ഫോം വിൽപ്പന | 200000 | 159824 | 40176 |
| | ബി | കെട്ടിട നിർമ്മാണ പെർമിറ്റ് | 275000 | 90775 | 184225 |
| | സി | വാടക | 82500 | 29990 | 52510 |
| | ഡി | ലൈസൻസ് | 275000 | 116475 | 158525 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7594000 | 7794768 | -200768 |
| 4 | | സംരക്ഷണ ഗ്രാന്റ് | 2000000 | 20778962 | -18778962 |

| | | | | | |
|---|---|---|---|---|---|
| 5 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11875000 | 1869553 | 10005447 |
| 6 | | ഭരണ ചെലവുകൾ | 3030000 | 2569397 | 460603 |
| 7 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 6480000 | 9260564 | 2780564 |
| 8 | | പ്ലാൻ-ഉല്പാദന മേഖല | 3150000 | 4162847 | 1012847 |
| 9 | | പ്ലാൻ-സേവന മേഖല | 26265000 | 15160546 | 11104454 |
| 10 | | പ്ലാൻ-പശ്ചാത്തല മേഖല | 2450000 | 2492168 | 42168 |
| 11 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 4960000 | 74467 | 4885533 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ അധിക വരുമാനം (Excess Of Income Over Expenditure) പ്രതിഫലിക്കുന്നു.

2. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- Funds Received For Specific Purposes, Beneficiary Contributions എന്നീ അക്കൗണ്ടുകളിലെ ബാലൻസ് കൃത്യമല്ല. ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

4. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ റെവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

5. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

6. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 44,95,000.00

Depoist With KSEB - Rs. 41,62,308.00

Depoist With GWD - Rs. 1,48,088.00

7. Advance To Implementing Officers, Advance To Others:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

8. B-11(A) Capital Work In Progress:- ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിട്ടുള്ള തുക രൂ. 6,39,083 തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിംഗിൽ കൃത്യതയില്ല.

9. ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 35,319/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

11. തൊഴിൽ നികുതി- വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

12. തൊഴിൽ രഹിത വേതനം വരവ്, ചെലവ് തുക രൂ.1440 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ് 14,45,441 രൂപ റിഫ്രഷ്മെന്റ് ചെലവുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

14. വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്ന തുക വാർഷിക ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 12130013 |
| ഓഡിറ്റ് വർഷത്തെ വരവ് | 67289994 |
| ആകെ വരവ് | 79420007 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 69670622 |
| നീക്കിയിരിപ്പ് | 9749385 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 13248125 | 13248125 | 11991180 | -- | 1256945 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 2336000 | 2336000 | 1538210 | -- | 797790 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 74000 | 74000 | 5600 | -- | 68400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 4000000 | 4000000 | 285520 | -- | 3714480 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 9208912 | 9208912 | 6541407 | -- | 2667505 |
| മെയിന്റനൻസ് , റോഡ് | ,, | 17785000 | 17785000 | 17785000 | -- | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ,, , നോൺ- റോഡ് | | 3492000 | 3492000 | 3029281 | -- | 462719 |

| | | | | | | |
|---|---|---|---|---|---|---|
| പ്രത്യേക ഗ്രാന്റ് | | | | | | |
| ശബരിമല വികസനഫണ്ട് | 1309261 | 570000 | 1879261 | -- | -- | 1879261 |
| കുടുംബശ്രീ(ചലഞ്ച് ഫണ്ട്) | 64895 | 921358 | 986253 | -- | -- | 986253 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 9858 | 396 | 10254 | -- | -- | 10254 |
| ശുചിത്വ മിഷൻ | 809774 | 1575690 | 2385464 | 130000 | -- | 2255464 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1084252 | 478900 | 1563152 | 1059889 | -- | 503263 |
| എം.ജി.എൻ. ആർ.ജി.എസ് | 344489 | 17429230 | 17773719 | 17768986 | -- | 4733 |
| സമ്പൂർണ്ണ ശുചിത്വം | 625073 | -- | 625073 | -- | -- | 625073 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ, വാർഷിക ധനകാര്യപത്രികയുമായി വ്യതിയാനം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് (സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവ് (എ.എഫ്.എസ്. പ്രകാരം) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 11932280 | 11991180 | 58900 | തുല്യത പഠനം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും സുലേഖ ചെലവ് പത്രികയിലും ചെലവ് ഉൾപ്പെട്ടിട്ടില്ല (S0019/20) |
| വികസന ഫണ്ട്-എസ്.സി.പി | 1463210 | 1538210 | 75000 | വിവാഹ ധനസഹായം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും സുലേഖ ചെലവ് പത്രികയിലും ചെലവ് ഉൾപ്പെട്ടിട്ടില്ല (S0053/20) |

കൂടാതെ സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകയും വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 277921 | -- |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 876000 | -- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 35319 | 35319 |

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 85163811 | 185 | 49423150 | 0 | 32 | 85.25 |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 23.01.2020 |
| ഗ്രാമസഭകൾ | 3.2.2020-10.02.2020 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 14.02.2020 |
| വികസന സെമിനാർ | 13.02.2020 |
| പഞ്ചായത്ത് കമ്മിറ്റി | 16.1.2020 |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 15 | 2195672 | 1471147 |
| വെറ്ററിനറി സർജൻ | 10 | 10 | 34232000 | 2550700 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 2 | 1300000 | 100000 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 12 | 24121405 | 6173240 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 8 | 6 | 3686133 | 2486434 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 166000 |
| സെക്രട്ടറി | 38 | 30 | 16957509 | 11824402 |

| | | | | |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 8 | 1 | 566161 | 58900 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 134 | 108 | 32213731 | 23351227 |
| ആകെ | 217 | 185 | 85163811 | 49423150 |

പ്രൊജക്ടുകളുടെ മേഖല തിരിച്ചുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 28 | 26 | 92.86 | 6118872 | 4187847 | 68.44 |
| സേവനം | 71 | 43 | 60.56 | 45750212 | 20111957 | 43.96 |
| പശ്ചാത്തലം | 118 | 116 | 98.31 | 33294727 | 25123346 | 75.46 |
| ആകെ | 217 | 185 | 85.25 | 85163811 | 49423150 | 58.03 |

സംയുക്ത പ്രൊജക്ടുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പടുത്തുന്നത് പൂർണ്ണമായും ലഭിക്കുന്നില്ല. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സേവനത്തിലുണ്ടെങ്കിലും ഒരാൾക്ക് മാത്രമാണ് പ്രൊജക്ടുകളുടെ നിർവ്വഹണച്ചുമതല നൽകിയിരിക്കുന്നത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പദ്ധതി നിർവ്വഹണ പ്രക്രിയകളിൽ പങ്കാളികളാക്കേണ്ടതാണ്. 2019-20, 2020-21 വർഷങ്ങളിൽ ചുമതലയുണ്ടായിരുന്ന വി.ഇ.ഒ യുടെ ഫയൽ സൂക്ഷിപ്പ് തീരെ തൃപ്തികരമല്ല. വൌച്ചറുകൾ, അതിനനുസൃതമായിബില്ലുകൾ, ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിന്റെ വിവരങ്ങൾ, പ്രൊജക്ട് സംബന്ധമായ മറ്റ് ചെലവ് വിവരങ്ങൾ എന്നിവ ഫയലിൽ നിന്നും ലഭ്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ സർക്കാർ നിർദ്ദേസാനുസരണം കുറ്റമറ്റരീതിയിൽ ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ആയത് ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നത് ത്വരിതഗതിയിലാക്കി പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം നേടുന്നതിന് ശ്രമിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഫലവൃക്ഷത്തൈ, ഗ്രോബാഗ് എന്നിവ വിതരണം നടത്തിയപ്പോൾ സബ്സിഡി മാർഗനിർദേശങ്ങളെ മറികടന്ന് സബ്സിഡി പണമായി ഗുണഭോക്താവിന് നൽകിയിരിക്കുന്നു. പദ്ധതി നിർവ്വഹണ വേളയിൽ സബ്സിഡി മാർഗനിർദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 344489 | 356036 | 700525 | 695792 | 4733 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17042194 | 17042194 | 17042194 | 0 |
| 100 തൊഴിൽദിനം | 0 | 31000 | 31000 | 31000 | 0 |

| | | | | | |
|---|---|---|---|---|---|
| പൂർത്തിയാക്കവർക്ക് നൽകിയ ബോണസ് തുക | | | | | |

## 1-7 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 32 | 394700 |
| വിധവാപെൻഷൻ | 473 | 6161900 |
| വാർദ്ധക്യകാലപെൻഷൻ | 1375 | 14363200 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 166 | 2336700 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 17 | 221200 |
| തൊഴിൽ രഹിത വേതനം* | 2 | 1440 |

*വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 20-09-2021, 2.30 പി.എം-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 4293/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജി.ഒ.(എം.എസ്.) 83/11/തസ്വഭവ തീയതി 28-03-2011 പ്രകാരമാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളത്. മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്തുകൾ അവയുടെ വരവ് ചെലവ് കണക്കുകൾ അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി സംവിധാനത്തിൽ സൂക്ഷിക്കണം എന്ന് നിഷ്കർഷിക്കുന്നു. ഇതിനെ തുടർന്ന് പഞ്ചായത്തുകൾ ധനകാര്യ ഇടപാടുകൾ അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു. അതായത് വരുമാനവും ചെലവുകളും ആസ്തികളും ബാധ്യതകളും അക്കൗണ്ട് ചെയ്യപ്പെടുന്നു. പഞ്ചായത്തിൽ സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് 01.04.2010 മുതൽ നടപ്പാക്കിയിട്ടുണ്ട്. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാത് ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ ആയത് സംഭവിയ്ക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുകയും അവയുടെ ചെലവുകൾ കൃത്യമാക്കി അക്കൗണ്ട് ചെയ്യുന്നതിലും പോരായ്മകൾ ഉണ്ട്. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. മേൽക്കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല.

ചട്ടം 32 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ ചെലവ് രേഖകൾ ഹാജരാക്കി യഥാസമയം അഡ്ജസ്റ്റ് ചെയ്യുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും പാലിച്ചുവേണം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടത്.

ഓഫീസ് ഉത്തരവ് മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട് വിവിധ വരവിനങ്ങളുടെ രജിസ്റ്റർ വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പടുത്തിയിട്ടില്ല. ഡേബുക്ക്, ക്യാഷ്ബുക്ക് എന്നിവ മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമങ്ങൾഉണ്ടാവേണ്ടതുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് സി.എഫ്.എൽ റ്റി.സി, ഡി.സി.സി. എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്

ഗണ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതു മൂലം പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ദയനീയമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി പ്രയോഗത്തിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-01-2018 മുതൽ 14-01-2018 വരെ | 2012-13 മുതൽ 2016-17 വരെ | 20-02-2018 |
| പെർഫോർമൻസ് ഓഡിറ്റ് | 27-07-2021&28-07-2021 | 12/2019മുതൽ 03/2021വരെ | ലഭ്യമാക്കിയിട്ടില്ല |

## 1-11 ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം തനത് ചെലവുകൾ നിർവഹിക്കാൻ അപര്യാപ്തം

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 6129323 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b) | 8408026 |
| വാടക (I-3) | 29990 | ഭരണപരമായ ചെലവുകൾ( I-11b) | 2629823 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 624135 | പ്രവർത്തനചെലവുകളും പരിപാലനവും (I-12b) | 9494101 |
| വിൽപ്പനയും കൂലി ചാർജ്ജും | 179760 | ബാങ്ക് ചാർജ്ജ് (I-13) | 2265 |
| പലിശ (I-8) | 188623 | | |
| മറ്റ് വരവുകൾ (I-9) | 33888 | | |
| പൊതു ആവശ്യ ഗ്രാന്റ് | 7794768 | | |
| വരവിൽ കവിഞ്ഞ് ചെലവ് | 5553728 | | |
| | 20534215 | | 20534215 |

2020-21 സാമ്പത്തിക വർഷം കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് 73,56,842 രൂപ പഞ്ചായത്തിന് ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്. പൊതു ആവശ്യഗ്രാന്റ് ഒഴിച്ചാൽ തനത് വരുമാനംകൊണ്ട് തനത് ചെലവുകൾ നിർവ്വഹിക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. സാമ്പത്തിക സ്ഥിതി ഇതായിരിക്കെ ലഭിക്കേണ്ട നികുതിപോലും സമയബന്ധിതമായി പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-12 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | നികുതി പരിവ് ശതമാനം |
|---|---|---|---|---|
| തൻവർഷം | 3861645 | 2374981 | 1486664 | 61.5 |
| കുടിശ്ശിക | 1710103 | 377888 | 1332215 | 22.1 |
| ആകെ | 5571748 | 2752869 | 2818879 | 49.41 |

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് കാര്യക്ഷമമല്ല. പഞ്ചായത്തിന്റെ വസ്തുനികുതിയിനങ്ങളിലുള്ള കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 7-ം വാർഡിൽ പഞ്ചായത്ത് വക 1019, 1020 നമ്പർ കടമുറികളിൽ 2011-ൽ പ്രവർത്തനം ആരംഭിച്ച

മാവേലിസ്റ്റോറിന്റെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല. മാവേലിസ്റ്റോറിന്റെ വാടക 21040.04 രൂപ നിശ്ചയിച്ച് റാന്നി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ നൽകിയിട്ടുള്ളതും ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-1951/18, 9-6-2020 കത്ത്പ്രകാരം 2017-18 മുതൽ ലഭിക്കുവാനുള്ള വാടക 802886 രൂപ ഒടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മാവേലിസ്റ്റോറിൽ നിന്നും ആയത് ലഭിച്ചിട്ടില്ല.

തുടർന്ന് പ്രസ്തുത തുക ഒടുക്കുന്നതിന് 7-1951/18, 29-7-2020 പ്രകാരം റവന്യ റിക്കവറി നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്. വാടക സംബന്ധിച്ച് പഞ്ചായത്തുമായി കരാർ നിലവിലില്ലാത്തതിനാലും വാടക നിശ്ചയിച്ച് ലഭിച്ചിട്ടില്ലാത്തതിനാലും റവന്യ റിക്കവറി സംബന്ധിച്ച് നിർദ്ദേശം ലഭിക്കുന്നതിനായി പ്രസ്തുത നോട്ടീസ് സപ്ലൈകോ മേഖലാമാനേജർ കോട്ടയത്തിന് നൽകിയിട്ടുണ്ടെന്ന് റാന്നി ഡിപ്പോ അസി.മാനേജർ 10-8-2020-ൽ എ4-533/2013 നം.കത്ത്പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

റാന്നി അങ്ങാടിഗ്രാമപഞ്ചായത്തിന്റെ 14-8-2020 -തീയതിയിലെ 9(1) തീരുമാനപ്രകാരം, വാടകകരാർ പുതുക്കാത്തതിനാൽ 2020-ലെ ഓണത്തിനുശേഷം കട പൂട്ടുന്നതിനു തീരുമാനിച്ചു. തുടർന്നു സപ്ലൈകോ റീജിയണൽ മാനേജരുടെ 31-20-2020-ലെG1-3088/20നമ്പർ കത്ത്പ്രകാരം സപ്ലൈകോ ഒരു അർദ്ധ സർക്കാർ സ്ഥാപനമായതിനാൽ സർക്കാർ കെട്ടിടങ്ങൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വാടക 2019 വരെ ച.അടിക്ക് 7 രൂപ നിരക്കിലും 2020മുതൽ ച.അടിക്ക് 10 രൂപ നിരക്കിലും 4/17 മുതൽ 7/-രൂപ നിരക്കിൽ കുടിശ്ശിക നൽകുന്നതിനും, കരാരിലേർപ്പെടുന്നതിനും ഓരോ മൂന്ന് വർഷം കൂടുമ്പോഴും 15% വാടക വർദ്ധനവ് നൽകുന്നതിനും സന്നദ്ധവുമാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 18-1-2020-ലെ3(1) തീരുമാനപ്രകാരം റീജിയണൽ മാനേജരുടെ വിശദീകരണത്തിലുള്ള ച.അടിക്ക് 7 രൂപയെന്ന നിരക്ക് പഞ്ചായത്ത് നിശ്ചയിച്ചതിനെക്കൾ വളരെ കുറവായതിനാലും പഞ്ചായത്ത് നിലവിൽ നിശ്ചയിച്ചിരിക്കുന്ന വാടക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയതിനാലും അതിനെ മറികടന്ന് വാടകയിൽ ഇളവ് നൽകാൻ പഞ്ചായത്തിന് അധികാരമില്ലെന്നും, സ്വന്തം നിലയിൽ വാടക ഇളവ് ലഭിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കുകയാണെങ്കിൽ പരിഗണിക്കാമെന്നും തീരുമാനിക്കുകയും, പ്രസ്തുത വിവരം ജി-1/3088/20, തീയതി 6-3-21 പ്രകാരം റീജിയണൽ മാനേജറെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിനു ശേഷം സപ്ലൈകോയിൽ നിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല.

മാവേലിസ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയ്ക്ക് കടമുറി കൈമാറിയതിന് യാതൊരുവിധത്തിലുള്ള കരാറും ചമച്ചിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ വാടകയ്ക്ക്/പാട്ടത്തിന് നൽകുമ്പോൾ യഥാവിധി കരാർ ചമക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലെങ്കിൽ കോടതി വ്യവഹാരങ്ങളിലേക്ക് പോകുകയും കരാറിന്റെ അഭാവത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ സാഹചര്യം ഉണ്ടാകുകയും ചെയ്യും. മാവേലി സ്റ്റോറുമായി കരാറിലേർപ്പെടുന്നതിനും വാടക കുടിശ്ശിക അടക്കം പിരിക്കുന്നതിനും നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 മുറിച്ചുമാറ്റിയ തടി ലേലം ചെയ്തിട്ടില്ല

2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നും മരം മുറിച്ചുമാറ്റിയ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെലവഴിച്ച തുക | മരം മുറിച്ചതിന്റെ വിവരം |
|---|---|---|---|
| 1. | 22000536/6.8.20 | ₹ 3000 | Ward – 8-ലെ അപകടകരമായ മരം മുറിച്ചു മാറ്റിയ വകയിൽ നൽകിയത്. |
| 2. | 22000544/10.8.20 | ₹ 4500 | ഗവ.എൽ.പി.സ്കൂളിനു പരിസരത്തുനിന്ന പഞ്ഞിമരം മുറിച്ചു മാറ്റിയ വകയിൽ |
| 3. | 22000598/20.8.20 | ₹ 4000 | Ward – 11-ലെ പൊതുകിണറിനു സമീപം നിന്നിരുന്ന അപകടകരമായ പഞ്ഞിമരം മുറിച്ചു മാറ്റിയ വകയിൽ നൽകിയത്. |
| 4. | 22001237/23.2.21 | ₹ 6000 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നിരുന്ന മഹാഗണി മരം മുറിച്ചു മാറ്റിയതിന് നൽകിയ തുക |
| | | ₹ 5500 | മുറിച്ചു മാറ്റിയ തടി ക്രെയിൻ ഉപയോഗിച്ച് മാറ്റിയതിന് നൽകിയ തുക |

മുറിച്ചുമാറ്റിയവയിൽ ഉപയോഗയോഗ്യമായ തടികൾ ലേലം ചെയ്തിട്ടില്ല. തടികൾ ലേലം ചെയ്യാതിരുനത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/2020-21 തീയതി: 23-09-2021) ലഭ്യമാക്കിയ മറുപടിയിൽ, ക്രം നം. 4 ൽ സൂചിപ്പിച്ചിട്ടുള്ളതൊഴിച്ച് ബാക്കിയെല്ലാം പാഴ്മരങ്ങളായിരുന്നവെന്നും ക്രമ നം.4 ൽ സൂചിപ്പിച്ചിട്ടുള്ള മഹാഗണിയുടെ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിച്ചു. ലേല തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-15 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക വേണ്ടിയും ചികിൽസക്കുവേണ്ടിയും ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. കോവിഡ് കെയർ സെന്റർ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഉത്തരവുകൾ പ്രകാരം 2 കോവിഡ് കെയർ സെന്ററുകൾ ആരംഭിക്കുകയുണ്ടായി. വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കോവിഡ് മാനദണ്ഡപ്രകാരമുള്ള ക്വാറന്റൈൻ സൗകര്യം ഒരുക്കുക എന്നതായിരുന്നു കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനം. ക്വാറന്റൈൻ കാലയളവിൽ കോവിഡ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നവരെ ആരോഗ്യ വകുപ്പിന്റെ നിർദേശാനുസരണം ആശുപത്രിയിലേക്കോ CFLTC യിലേക്കോ മാറ്റി ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്തിരുന്നു.

സിറ്റാഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ ബോയ്സ് ഹോസ്റ്റൽ, കെ ടൌൺ ഹോട്ടൽ എന്നിവ ഏറ്റെടുത്ത് 08-05-2020 മുതൽ കോവിഡ് കെയർ സെന്ററുകൾ ആരംഭിച്ചു. ഇതിൽ സിറ്റാഡൽ സ്കൂൾ ഹോസ്റ്റൽ സൗജന്യ സേവനവും, കെ ടൌൺ ഹോട്ടൽ ഫീസ്സ് നൽകി ഉപയോഗിക്കുന്നതുമായിരുന്നു.

സിറ്റാഡൽ സ്കൂൾ ഹോസ്റ്റലിൽ ക്വാറന്റൈനിൽ കഴിയുന്നവർക്കും ജീവനക്കാർക്കുമുള്ള ഭക്ഷണം , കുടിവെള്ളം, മെഡിക്കൽ-അനുബന്ധ സാധനങ്ങൾ , ഭക്ഷണവും സാധനങ്ങളും എത്തിക്കുന്നതിനുള്ള വാഹന ചെലവ്, ശുചീകരണ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യം ഒരുക്കൽ, ശുചീകരണ തൊഴിലാളികൾക്കുള്ള ശമ്പളം എന്നിവയ്ക്കുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നുമാണ് നൽകിയിരുന്നത്. കെ ടൌൺ ഹോട്ടലിലെ ക്വാറന്റൈൻ സെന്റർ ഫീസ് നൽകി ഉപയോഗിക്കുന്നതായതിനാൽ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർക്കുള്ള ഭക്ഷണം, കുടിവെള്ളം എന്നിവയുടെ ചെലവ് മാത്രമാണ് പഞ്ചായത്തിൽ നിന്നും വഹിച്ചിരുന്നത്.

കോവിഡ് നിരക്കുകൾ കുറഞ്ഞ സാഹചര്യത്തിൽ സർക്കാർ നിദേശാനുസരണം സിറ്റാഡൽ ഹോസ്റ്റലിലെ CCC സേവനം 31/12/2020 തീയതിയിലും കെ ടൌൺ ഹോട്ടലിലെ CCC സേവനം 03/01/2021 തീയതിയിലും നിർത്തലാക്കുകയും ടി സ്ഥാപനങ്ങൾ ഉടമസ്ഥർക്ക് കൈമാറുകയും ചെയ്തു. സിറ്റാഡൽ സ്കൂളിലെ കോവിഡ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ 14,23,115 രൂപയും കെ ടൌൺ ഹോട്ടലിൽ കോവിഡ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് 43,310 രൂപയും ചെലവഴിച്ചിട്ടുണ്ട്.

II. കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനങ്ങൾ

കോവിഡ്-19 രോഗം സ്ഥിരീകരിക്കപ്പെട്ട രോഗികളിൽ കാര്യമായ രോഗലക്ഷണം ഇല്ലാത്തവരും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തവരുമായ രോഗികളെ പ്രവേശിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ വൈദ്യസഹായവും പരിചരണവും നൽകുന്നതിനുമായി മേനാംതോട്ടം CFLTC (Covid First Line Treatment Centere), 01.06.2020-ൽ പ്രവർത്തനം ആരംഭിച്ചു. ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതും രോഗികൾക്കും ആരോഗ്യ പ്രവർത്തകർക്കും ഭക്ഷണം എത്തിച്ചു നൽകുന്നതും റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്താണ്. 100 കിടക്കകളുള്ള ഈ CFLTC-യുടെ പ്രയോജനം പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന കോവിഡ് രോഗികൾക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ കോവിഡ് ടെസ്റ്റിനായി സ്വാബ് കളക്ഷൻ സെന്ററും ആംബുലൻസ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. 01.01.2021 മുതൽ ഗുരുതരമായ കോവിഡ് രോഗലക്ഷണങ്ങൾ ഉള്ള രോഗികൾക്കു ചികിത്സ നൽകുവാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി CSLTC (Covid Second Line Treatment Center) ആയി ഉയർത്തി.

2020 മെയ് മുതൽ 31-3-2021 മാർച്ച് വരെ കോവിഡ്- 19മായി ബന്ധപ്പെട്ട് വിവധ ആവശ്യങ്ങൾക്കായി ചെലവായ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അവശ്യ സാധനങ്ങൾക്കായി ചെലവ് ചെയ്ത തുക | ആഹാരം | കറന്റ് ചാർജ്ജ്, ഫോൺ, വാട്ടർ ചാർജ്ജ് | സാലറി | ആകെ |
|---|---|---|---|---|
| ₹ 10,61,552 | ₹48,59,027 | ₹ 7,09,860 | ₹5,40,978 | ₹71,71,417 |

CSLTC-യുടെ പ്രവർത്തനം തുടർന്നും ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്നു.

കോവിഡ് വരവു ചെലവുകൾ നടത്തുന്നതിനായി ഒരു സ്പെഷൽ ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 18,38,502 രൂപ 2 ഗഡുക്കളായി (7.10.2020-ൽ 15,00,000 രൂപയും 20.10.2020-ൽ 3,38,502 രൂപയും) സ്റ്റേറ്റ് ഡിസ്റ്റസ് റിലീഫ് ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 31.3.2021-ൽ 20,00,000 രൂപ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നത് തനത് ഫണ്ടിൽ നിന്നായതിനാൽ തനത്ഫണ്ടിന്റെ നില മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## 1-16 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി (139/21) പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (100000രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതവും (100000 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതവും(100000 രൂപ) ഉൾപ്പെടെ 300000രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതം ലഭ്യമായില്ല. ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായ 66000രൂപ ഉൾപ്പെടെ 166000രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്.

പദ്ധതി പ്രകാരം വകയിരുത്തിയ തുക പൂർണ്ണമായും ലഭ്യമാകാത്തതിനാൽ ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകാനായില്ല. പഞ്ചായത്തിലെ നെല്ലിക്കമൺ (14ഗുണഭോക്താക്കൾ), മന്ദമരുതി (39 ഗുണഭോക്താക്കൾ), പെരുമ്പെട്ടി (23 ഗുണഭോക്താക്കൾ) എന്നീ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാലളക്കുന്ന ക്ഷീരകർഷകർക്ക് 2020 ഒക്ടോബർ വരെ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018) പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി ഒരു കർഷകന് വർഷത്തിൽ പരമാവധി 40000/- രൂപ നൽകാവുന്നതാണ്. സംയുക്തപദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമാകാത്തതിനാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് നൽകിയ പാലിന്റെ അളവ് കണക്കാക്കി 2020 നവംബർ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിലെ സബ്സിഡി നൽകാനായിട്ടില്ല.സംയുക്ത പദ്ധതി മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി

ഓഡിറ്റ് വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നടപ്പാക്കിയിട്ടുള്ളത്. സ.ഉ. (കൈ) നം. 22/2018 ത.സ്വ.ഭ.വ തീയതി 14.02.2018 ഖ. 6(1) പ്രകാരം വിത്തുകൾ, ഗ്രോബാഗ് എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി കൃഷിഭവൻ മുഖേന വിതരണം ചെയ്യേണ്ടതാണ്. എന്നാൽ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. /പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 187/21ജൈവപച്ചക്കറി കൃഷി വികസനം (വനിത) | 100000 (വികസനഫണ്ട്) 48000(മറ്റുള്ളവ) | 100000(വികസനഫണ്ട്) | 13/20-21-21.03.2021 |
| 190/21ഫലവൃക്ഷത്തൈ വിതരണം | 50000(വികസനഫണ്ട്) 16750(മറ്റുള്ളവ) | 13500(വികസനഫണ്ട്) | 19/20-21-31.03.2021 |

I) 187/21 ജൈവപച്ചക്കറി കൃഷി വികസനം (വനിത)

പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ പച്ചക്കറിവിത്ത്, ഗ്രോബാഗ്, ചകിരിച്ചോർ, ജൈവവളം എന്നിവ റാന്നി മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് വാങ്ങുകയും ഇവ വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചതിനനുസരിച്ച് അനുവദിനീയമായ നിരക്കിൽ സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിരിക്കുന്നു.

Ii) 190/21 ഫലവൃക്ഷത്തൈ വിതരണം

പദ്ധതി പ്രകാരം 18 ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ ഫലവൃക്ഷത്തൈകൾ (മാവ്, പ്ലാവ്, മാങ്കോസ്റ്റിൻ, ജാതി) എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ എക്കോഷോപ്പ് (17ഗുണഭോക്താക്കൾ), ഗ്രീൻ ഇന്ത്യ അഗ്രി ആന്റ് ഹോർട്ടികൾച്ചർ ഫാം, മണ്ണുത്തി (ഒരു ഗുണഭോക്താവ്) എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയും വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചതിനനുസരിച്ച് അനുവദനീയമായ നിരക്കിൽ സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിരിക്കുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/17.09.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കാർഷികവികസന സമിതിയിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശമനുസരിച്ച് നടീൽ വസ്തുക്കൾ, തൈകൾ, ഗ്രോബാഗ് എന്നിവ കർഷകർക്ക് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് തീരുമാനിച്ചതായും ആയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളിലെ വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തത്-സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി

നിർവ്വഹണ ഉദ്യോഗസ്ഥൻ : - സെക്രട്ടറി
ചെലവ് വിവരം : – 13,00,000 രൂപ , ബിൽ നം: 2005045012501197876/06-03-2021
ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയ്ക്കായി 2020-21 വർഷം 13,00,000 രൂപ ചെലവഴിക്കുകയുണ്ടായി (പ്രോജക്ട് നം.S0023/21). സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ആയത് നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട്. അതിനായി സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള (SILK)യെ 24-07-2021ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തിരഞ്ഞെടുത്തു(തീരുമാനം നം. 1(4)). പദ്ധതി രേഖയിൽ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്തിയിരുന്നത് SILK-നെ ആയിരുന്നു. ഒരു എസ്റ്റിമേറ്റ് മാത്രമേയുള്ളു എന്ന കാരണത്താൽ പ്രസ്തുത തീരുമാനത്തെ 2-ാം വാർഡ് മെമ്പർ കമ്മിറ്റിയിൽ എതിർക്കുകയും വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഒരു മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് നികുതികൾ ഉൾപ്പെടെ ഒരു ലക്ഷം രൂപയായിരുന്നു കരാർതുക (കരാർ തീയതി 18-08-2020).

ജി.ഒ(പി) 77/2019 ഫിൻ. തീയതി: 04-07-2019 പ്രകാരം സ്റ്റീൽ സ്ട്രക്ചറുകളുടെ ഡിസൈൻ, ഫാബ്രിക്കേഷൻ, എന്നിവ ഉൾപ്പെടുന്ന കരാർ പ്രവൃത്തികളുടെ ഭാഗമായുള്ള സ്റ്റീൽ സ്ട്രക്ചറുകൾ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ, സിവിൽ പ്രവൃത്തികൾ എന്നിവയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (PMC) 'സിൽക്ക്' -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ടെണ്ടർ കൂടാതെ നേരിട്ട് നിർവ്വഹണം നടത്തുന്നതിനുള്ള അനുമതിയല്ല. "Supply And Installation Of 7 Mtr. GI Pole With 4x70W LED Street Light At Various Locations In Ranny Angadi Grama Panchayat" എന്നതായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. വിഭാവനം ചെയ്തിരുന്ന പ്രകാരം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി 13 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക്ക് പ്രവൃത്തികൾക്കുള്ള മാനേജ്മെന്റ് കൺസൾട്ടൻസി മാത്രമായിട്ടാണ് 'സിൽക്കി' നെ ഉൾപ്പെടുത്തിയിട്ടുള്ളത്. അല്ലാതെ ടെണ്ടർ കൂടാതെ നേരിട്ട് നിർവ്വഹണം നടത്തുന്നതിനുള്ള അനുമതി ഏജൻസിക്ക് നൽകിയിട്ടില്ല. ഇത്തരത്തിൽ ഉത്തരവ് ഇല്ലാതിരിക്കെ പ്രസ്തുത പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസിയായി സിൽക്കിനെ തെരഞ്ഞെടുത്തിട്ടുള്ളത് ക്രമ വിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 12/2020-21 : തീയതി 22-09-21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുക വിനിയോഗിച്ച് പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, നിർമ്മാണ ചുമതല സർക്കാർ അംഗീകരിച്ച നിർവഹണ ഏജൻസികൾക്കാണ് നൽകുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും- പ്രോജക്ടുകളുടെ ബാഹുല്യം- നിർവ്വഹണവും മോണിട്ടറിംഗും സാധ്യമാക്കുന്നില്ല

2019-20, 2020-21 വർഷങ്ങളിലായി തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലത്തിനുമായി റാന്നി ഗ്രാമപഞ്ചായത്ത് അനവധി പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2019-20 വർഷം ശബരിമല അടിസ്ഥന സൗകര്യം ഉൾപ്പെടെ 7 പ്രോജക്റ്റുകളും 2020-21 വർഷം 4 പ്രോജക്റ്റുകളുമാണ് പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2019-20

| ക്രമ നം. | പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പരും | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 01 | ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യം ഒരുക്കൽ (S0001/20) | 5,00,000 | 284041 * |
| 02 | തെരുവ് വിളക്ക് മെയ്ന്റനൻസ്-ആവശ്യമായ ബൾബുകളും മറ്റ് സാമഗ്രികളും വാങ്ങൽ (S0006/20) | 5,00,000 | 0 |
| 03 | തെരുവ് വിളക്കുകളുടെ പരിപാലനം (S0007/20) | 190,000 | 33,150 |
| 04 | തെരുവ് വിളക്കുകൾക്ക് ബൾബുകളും ഫിറ്റിംഗുകളും വാങ്ങൽ (S0148/20) | 3,17,277 | 3,16,456 |
| 05 | തെരുവ് വിളക്കുകൾക്ക് ബൾബുകളും ഫിറ്റിംഗുകളും വാങ്ങല് (S0006/20) | 1,79,803 | 0 |
| 06 | തെരുവ് വിളക്ക് സ്ഥാപിക്കൽ (S0152/20) | 8888 | 0 |
| 07 | തെരുവ് വിളക്കുകളുടെ പരിപാലനം (S0183/20) | 126981 | 126603 |

*(തെരുവ് വിളക്കുകൾക്ക് ചെലവഴിച്ചത് )

2020-21

| ക്രമ നം. | പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പരും | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 01 | തെരുവ് വിളക്ക് മെയ്ന്റനൻസ്-ആവശ്യമായ ബൾബുകളും മറ്റ് സാമഗ്രികളും വാങ്ങൽ (S0018/21) | 5,00,000 | 4,95,316 |
| 02 | തെരുവ് വിളക്കുകളുടെ പരിപാലനം (S0019/21) | 2,50,000 | 21,458 |
| 03 | തെരുവ് വിളക്ക് മെയ്ന്റനൻസ്-ആവശ്യമായ ബൾബുകളും മറ്റ് സാമഗ്രികളും വാങ്ങൽ (S0039/21) | 5,00,000 | 4,99,992 |
| 04 | തെരുവ് വിളക്കുകളുടെ പരിപാലനം (S0200/21) | 1,56,850 | 1,53,395 |

പ്രോജക്റ്റുകളുടെ ബാഹുല്യം പദ്ധതിപ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണത്തിലും മോണിറ്ററിംഗിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

1. തെരുവ് വിളക്കുകളുടെ വാങ്ങലും വിതരണവും പരിപാലനവും സുതാര്യമല്ല.

2. സ്പിൽ ഓവർ പ്രോജക്റ്റുകളായി വർഷങ്ങൾ തുടരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടു. ഒരു വർഷം ആവിഷ്കരിക്കുന്ന പദ്ധതികൾ പ്രസ്തുത വർഷംതന്നെ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. അത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. പരസ്യചെലവ് ഗണ്യമായി ഇതുവഴി കുറയ്ക്കാൻ സാധിക്കും.

4. വാങ്ങിയ തെരുവ് വിളക്കുകളുടെ വിതരണവും വിനിയോഗ വിവരവും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ഗുരുതര വീഴ്ചയുണ്ടായിട്ടുണ്ട്. രജിസ്ററുകൾ എഴുതി സൂക്ഷിച്ച് കൃത്യമായ പരിപാലനം ആവശ്യമാണ്.

5. പദ്ധതിനടത്തിപ്പിന്റെ തുടർനടപടികളും മോണിട്ടറിംഗും നടക്കുന്നില്ല

6. തെരുവ് വിളക്കുകളെ സംബന്ധിച്ച്, അവയുടെ എണ്ണം, പോസ്റ്റ് നമ്പർ, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയുടെ പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരുവിധ പഠനവുമില്ല. ഒരു സാമ്പത്തിക വർഷം ആവശ്യമുള്ള, സാധാരണ ബൾബുകൾ, LED, CFL, എന്നിവ സംബന്ധിച്ച് പ്രാഥമിക ധാരണയില്ല. വർഷാരംഭത്തിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധന നടത്തി ഒരുവർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

8. തെരുവ് വിളക്കുകളുടെ വാങ്ങലും പരിപാലനവും രണ്ട് പ്രോജക്ടുകളിലായി പരിമിതപ്പെടുത്തണം.

9. തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും സപ്ളൈ ചെയ്യുന്ന സ്ഥാപനങ്ങൾ ഗ്യാരന്റി/വാറന്റി സംബന്ധിച്ച് എഗ്രിമെന്റിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും ആയത് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.3/2020-21 തീയതി : 15-09-21) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-20 പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 23.62 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിൽ 229 പൊതു ടാപ്പുകൾക്കുള്ള തുകയാണ് ഡിമാന്റ് ചെയ്തു വന്നിരുന്നത്. എന്നാൽ ഇത് ജനവരി 2021 മുതൽ 237 പൊതു ടാപ്പുകളായി ഉയർത്തിയിട്ടുണ്ട്. ടാപ്പൊന്നിന് 5250 രൂപ നിരക്കിൽ ഈയിനത്തിൽ ഒരു വർഷത്തിൽ 1202250/- രൂപ വെള്ളക്കരം അടവാക്കേണ്ടതുണ്ട്. ആയത് 12 ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 100188 രൂപ പ്രകാരമാണ് അടവാക്കുന്നത്. പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവിന്റെ വിവരം താഴെകൊടുക്കുന്നു

| വർഷം | ചെലവ് |
|---|---|
| 2019-20 | 12,02,256 |
| 2020-21 | 12,12,756 |

2021 മാർച്ച് മാസത്തെ ഡിമാന്റ് പ്രകാരം 1,03,688 രൂപയും കുടിശ്ശിക ഇനത്തിൽ ഫൈനുൾപ്പെടെ 23,62,737 രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഏത് കാലയളവിലേതാണെന്ന് വ്യക്തമല്ല.

<u>അപാകതകൾ</u>

- പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
- പൊതുടാപ്പുകൾക്ക് അടവാക്കുന്ന വൻതുക ഒഴിവാക്കുന്നതിനായി കുടിവെള്ള ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ (കൈ) നം-22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.6 കുറിപ്പ് ) എന്നാൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ 2019-20 & 2020-21 ഓഡിറ്റ് വർഷങ്ങളിൽ ഏറ്റെടുത്തിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
2. സ.ഉ (സാധാ) നം. 1275/09 തിയ്യതി 30.5.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വനിതകൾക്ക് ശിങ്കാരിമേളം പരിശീലനം - മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2018-19 വർഷം വിഭാവനം ചെയ്ത ശിങ്കാരി മേളം പരിശീലന പദ്ധതി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സ്പിൽ ഓവറായാണ് നടപ്പിലാക്കിയത്. 2019-20 വർഷം പരിശീലനത്തിനായും 2020-21 വർഷം ദക്ഷിണാമൂർത്തി വാദ്യ കലാക്ഷേത്രം, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നും വാദ്യോപകരണങ്ങൾ വാങ്ങുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷം പ്രൊജക്റ്റിനു വേണ്ടി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പദ്ധതിയുടെ പേര് & ചെലവിനം | ചെലവ് തുക, ബിൽനം. &തീയതി |
|---|---|---|
| 2020-21 | എസ്.സി. വനിതകൾക്ക് ശിങ്കാരി മേളം, ചെണ്ട പരിശീലനം (SO)- S0037/21 (വാദ്യോപകരണങ്ങൾ വാങ്ങിയതിന്) | ₹ 1,70,000/- ബിൽ റഫറൻസ് നം. 20050452012900026197 തീയതി 12.04.2020 |

പദ്ധതി ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ)നം.22/2018തസ്വഭവ തീയതി 14-2-2018 സബ്സിഡി മാർഗരേഖ(7.2.15)പ്രകാരം എസ്.സി/എസ്.റ്റി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ,സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ പ്രൊജക്റ്റ് പ്രകാരം സഹായം കൈപ്പറ്റിയവർ ഏതെങ്കിലും ഗ്രൂപ്പിൽ ഉൾപ്പെട്ടവർ ആണെന്നതിന് തെളിവില്ല.
2. വാദ്യോപകരണങ്ങളുടെ വിലയുടെ 5% ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കേണ്ടിയിരുന്നുവെങ്കിലും (17000x5/100 =8500 രൂപ) അപ്രകാരം ചെയ്തിട്ടില്ല.
3. ദക്ഷിണാമൂർത്തി വാദ്യ കലാക്ഷേത്രം, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നും വാദ്യോപകരങ്ങൾ വാങ്ങിയതിന് 1,70,000 രൂപ നൽകിയിട്ടുണ്ടെങ്കിലും ഇതിന്റെ ടാക്സ് ഇൻവോയിസ് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.
4. വാങ്ങിയ ഉപകരണങ്ങൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളില്ല. ഉപകരണങ്ങൾ കൈമാറ്റം ചെയ്യുകയില്ലെന്ന് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി(നം. 8/20-21)-ന് നിർവ്വഹണം നടത്തിയ വി.ഇ.ഓ.യ്ക്ക് രജിസ്റ്റേഡ് ആയി എൻക്വറി അയച്ച് നൽകിയിട്ടുണ്ടെന്നും, അപാകതകൾക്ക് വിശദീകരണം പിന്നീട് ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് നിലവിലെ വി.ഇ.ഓ. ലഭ്യമാക്കിയിട്ടുള്ളത്. ഇപ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ട 8,500 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ രേഖകളുടെ അഭാവത്തിൽ അംഗീകരിക്കാത്ത തുക കിഴിച്ചുള്ള 1,61,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-22 വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി മരുന്നുവാങ്ങൽ പദ്ധതികൾക്കായി ഔഷധി, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നിവിടങ്ങളിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-22-1 ആയുർവേദ മെഡിക്കൽ ഓഫീസർ

ആയുർവേദ മെഡിക്കൽ ഓഫീസർ ഔഷധിയിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | ഒടുക്കിയ തുക/ബിൽ നമ്പർ തീയതി | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്ന് |
|---|---|---|---|
| 32/21/ഗവ.ആയുർവേദ ഡിസ്പെൻസറി-മരുന്നുവാങ്ങൽ | 400000/ 01/2021-09.02.2021 | 362723 | 37277 |

## 1-22-2 പി.എച്ച്.സി മെഡിക്കൽ ഓഫീസർ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഒടുക്കിയ തുക/ബിൽ നമ്പർ തീയതി | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 103/21/പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 400000<br>04/20-21/26.06.2020 | 259182 | 140818 |

## 1-22-3 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. S0005/21) 2020-21വർഷം ആലപ്പുഴ ഹോംകോ, മാനേജിംഗ് ഡയറക്ടർക്ക് 1,00,000 രൂപ മുൻകൂർ നൽകുകയുണ്ടായി ( ബിൽ നം. 12500723076/11.11.2020). മരുന്നുകൾ ഓഡിറ്റ് സമയം വരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-23 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം-ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിർത്തുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (Zero Balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ 20,03,047രൂപ 31-03-2021-ൽ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | 31-03-2021 ൽ നീക്കിയിരുപ്പ് തുക |
|---|---|
| ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 3,30,900 |
| ബ്ലോക്ക് പഞ്ചായത്ത്, റാന്നി | 16,72,147 |
| ആകെ | 20,03,047 |

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ലഭിക്കുന്ന തുകകളുടെ വിനിയോഗം ഫലപ്രദമാകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പാലിന് സബ്സീഡി പോലുള്ള ഉല്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽനിന്നുള്ള വിഹിതം അപര്യാപ്തമാണെന്നിരിക്കെ മറ്റു മേഖലകളിൽ അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന പ്രവണത ഉണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-24 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നിർവഹണ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അനുവദിക്കുന്ന അഡ്വാൻസുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്.

അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11/ഫിൻ/ തീയതി: 4-10-2011ൽ വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ, വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുകയിൽ 5,76,980 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. നൽകുന്ന അഡ്വാൻസുകൾ കൃത്യസമയത്ത് ചെലവുരേഖകൾ ഹാജരാക്കി ക്രമീകരിക്കുന്നതിനും ചെലവുകൾ അതത് സാമ്പത്തിക വർഷം തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-25 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തുടർ നിരീക്ഷണം അനിവാര്യം

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് /പ്രോജക്ട് നം.) | ഏജൻസി | തുക |
|---|---|---|---|
| 1 | വലിയകാവ് മണ്ണാറത്തറ കുടിവെള്ള പദ്ധതി (S0050/21) | കേരള വാട്ടർ അതോറിറ്റി | 10,00,000 |
| 2 | ആശ്രമംപടി-പുതുപറമ്പിൽപടി കല്ലേലി മണ്ണിൽപടി പറങ്കിമാമൂട്ടിൽപടി സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ (S0075/21) | കെ.എസ്.ഇ.ബി. | 1,18,000 |
| 3 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0082/21) | കെ.എസ്.ഇ.ബി. | 1,54,934 |
| 4 | വലിയതോട് സംരക്ഷണഭിത്തി നിർമ്മാണം (ഉപാസനകടവ് ഭാഗം) (S0231/21) | ചെറുകിട ജലസേചന വിഭാഗം | 4,01,500 |
| | ആകെ | | 16,74,434 |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ചെറുകിട ജലസേചന വിഭാഗം എന്നീ ഏജൻകളിലെല്ലാം നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി കരാറിൽ എർപ്പെടാറില്ല. പ്രസ്തുത ഏജൻസികൾ ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം തുക നിക്ഷേപിക്കുക മാത്രമാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടക്രമം.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തിക്ക് പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വെരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാറില്ല.

2020-21-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 44,95,000 |
| 2 | കേരള വാട്ടർ അതോറിറ്റി | 41,62,308 |
| 3 | ഗ്രൗണ്ട് വാട്ടർ വകുപ്പ് | 1,48,088 |
| | ആകെ | 88,05,396 |

2020-21 വർഷം ചെറുകിട ജലസേചന വിഭാഗത്തിൽ തുക നിക്ഷേപിച്ചിരുന്നെങ്കിലും ആയതിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കൈപ്പറ്റി ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/2020-21 തീയതി : 15-09-2021), ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ്

ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്നും ആയത് അഡ്വാൻസിൽ ക്രമീകരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 മെറ്റീരിയൽ കളക്ഷൻ സെന്റർ-ലക്ഷ്യം കൈവരിച്ചില്ല

ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി മെറ്റീരിയൽ കളക്ഷൻ സെന്റർ(264/21) കെട്ടിടം നിർമ്മിച്ചതിനു വേണ്ടി ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം&തീയതി | തുക |
|---|---|
| 102/30-1-21 | 562755/- |
| 104/30-1-21 | 126049/- |
| ആകെ | 688804/- |

ഗണ്യമായതുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല. വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി സ്ഥാപനം സജ്ജമാക്കേണ്ടതാണ്.

## 1-26-1 പൈപ്പ് ലേലം ചെയ്തില്ല

മെറ്റീരിയൻ കളക്ഷൻ സെന്റർ പദ്ധതിയുടെ ആദ്യ ഇനം, നിലനിൽക്കുന്ന പഴയകെട്ടിടത്തിൽ സ്ഥാപിച്ചിരുന്ന ജി.ഐ.പൈപ്പ് മാറ്റുക എന്നതായിരുന്നു. പ്രസ്തുത ഇനത്തിന് 222.78kgചെയ്തതിന് 2.21/Kg നിരക്കിൽ 492.34രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ 222.78kg ജി.ഐ.പൈപ്പ് നിർമ്മാണവേളയിൽ ഉപയോഗിച്ചിട്ടില്ല. പ്രസ്തുത പൈപ്പുകൾ അസി.എഞ്ചിനീയർ വാല്യുവേഷൻ നടത്തി പഞ്ചായത്തിന് കൈമാറിയിട്ടുമില്ല. ഉപയോഗിക്കാത്ത ജി.ഐ പൈപ്പുകൾ അസി.എഞ്ചിനീയർ വാല്യുവേഷൻ നടത്തി പഞ്ചായത്തിന് കൈമാറേണ്ടതും ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## 1-27 കലുങ്ക് നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ 10, 12 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തേക്കാട്ടിൽപ്പടി കലുങ്ക് 2018-ലെ പ്രളയത്തിൽ തകർന്നതിനെത്തുടർന്ന് പുനർ നിർമ്മിക്കുന്നതിനായി 263/21 നമ്പറായി പ്രൊജക്ട് ആവിഷ്കരിക്കുകയും, ആദ്യ പാർട്ട് ബിൽ നൽകുന്നതിനായി 567688 രൂപ-(106/20-21,31-3-21) ചെലവഴിക്കുകയും ചെയ്തു. തുടർന്ന് സംരക്ഷണ ഭിത്തി നിർമ്മാണം നടക്കുന്ന വേളയിൽ കോൺക്രീറ്റ് മിക്സിനൊപ്പം വലിയ പാറക്കല്ലുകൾ എടുത്തിട്ടെന്നും ആയതിനാൽ പ്രവൃത്തി നിർത്തി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓവർസിയർ 17-4-2021- ൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർമ്മാണ വേളയിൽ കണ്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും കരാറുകാരൻ മറുപടി നൽകിയിട്ടില്ല.

2. റിവേസ്ഡ് എസ്റ്റിമേറ്റ് തയ്യറാക്കി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മരാമത്ത് വേലകൾ കരാറെടുക്കുന്നവർ ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, കരാർ വ്യവസ്ഥകൾ കരാറുകാരൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 11-6-2021 ൽകമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നെന്നും ആയതിന്മേൽ നാളിതുവരെ തീരുമാനം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിരുന്നു. എസ്റ്റിമേറ്റ് റിവൈസ്ചെയ്ത് പദ്ധതിക്ക് അടങ്കൽ ഉൾപ്പടുത്തിയ തുകയിൽനിന്നും ആദ്യപാർട്ട് ബില്ലിന് ശേഷമുള്ള തുക വിനിയോഗിച്ച് പ്രൊജക്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലും കലുങ്ക് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ റോഡ് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. 6-8-2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(1) തീരുമാനപ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ അടങ്കൽ തുകയിൽ നിന്നുകൊണ്ട് പൂർത്തീകരിക്കാൻ സാധ്യമല്ലെന്നും വിജിലൻസ് അന്വേഷണത്തിനു ശുപാർശ ചെയ്ത പ്രവൃത്തിയാണെന്നും, പ്രവൃത്തി തുടർന്നു നടത്തേണ്ടതില്ലെന്നും തീരുമാനിച്ചിരിക്കുന്നു. കലുങ്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ജനങ്ങളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 അഗതിരഹിത കേരളം - പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർജ്ജീവം

അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച അഗതി രഹിത കേരളം പദ്ധതി. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല. പഞ്ചായത്തിൽ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-28-1 അഗതി രഹിത കേരളം- പൊതുവിഭാഗം വികസനഫണ്ട് യഥാർത്ഥ അക്കൗണ്ടിലേക്കല്ല ക്രെഡിറ്റ് ചെയ്യപ്പെടുന്നത്

അഗതി രഹിത കേരളം പദ്ധതിയ്ക്കായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു സംയുക്ത അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും ആശ്രയ പദ്ധതിയ്ക്കായി ലഭിച്ചിട്ടുള്ളതും വിനിയോഗശേഷം അവശേഷിക്കുന്നതുമായ മുഴുവൻ തുകയും പുതുതായി ആരംഭിക്കുന്ന അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസായി ചേർക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ ഇത് പാലിക്കപ്പെട്ടിട്ടില്ല. നിലവിൽ ആശ്രയ പദ്ധതിക്കായി ആരംഭിച്ച റാന്നി അങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം. 5966) അക്കൗണ്ടിലൂടെയാണ് പ്ലാൻഫണ്ടിന്റെയും, ചലഞ്ച് ഫണ്ടിന്റെയും വരവ്-ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് നിലവിലുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

31.03.2019-ൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 13,46,447 രൂപയാണ്.

പദ്ധതിയുടെ 2019-20 & 2020-21 വർഷങ്ങളിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഏജൻസി | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 2019-20 | 01.04.2019 പ്രകാരം മുന്നിരപ്പ് ₹ 13,46,447 | | | | |
| | ഗ്രാമപഞ്ചായത്ത് | 0 | 0 | 0 | |
| | ചലഞ്ച് ഫണ്ട് | 22,895 | 0 | 2,00,966 | |
| | പലിശ | | 64,789 | | |
| | 31.03.2020 പ്രകാരം നീക്കിയിരിപ്പ് ₹ 12,10,270 | | | | |
| 2020-21 | ഗ്രാമപഞ്ചായത്ത് | 0 | 0 | 0 | |
| | ചലഞ്ച് ഫണ്ട് | 9,21,358 | 0 | 6,20,022 | |
| | പലിശ | -- | 32,998 | | |
| | 31.03.2021 പ്രകാരം നീക്കിയിരിപ്പ് ₹ 6,23,246 | | | | |

2019-20-ൽ 'അഗതിരഹിത കേരളം' പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് 4 ലക്ഷം രൂപ കുടുംബശ്രീയുടെ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിനുവേണ്ടിയുള്ള യൂണ്യൻ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് അഗതിരഹിത കേരളത്തിനായുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. റാന്നി അങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ, ഓൺലൈൻ ട്രാൻസാക്ഷൻസ് സാദ്ധ്യമല്ലാത്തിനാലാണ് സി.ഡി.എസ്. മാനേജ് ചെയ്യുന്ന യൂണ്യൻ ബാങ്കിലേക്ക് ഈ തുക ക്രെഡിറ്റ് ചെയ്തെന്നാണ് സി.ഡി.എസിൽ നിന്നും അറിയിച്ചിട്ടുള്ളത്. 2019-20, 2020-21 വർഷങ്ങളിൽ ചലഞ്ച് ഫണ്ടിനായി വന്ന തുകയും ഗ്രാമപഞ്ചായത്ത് നാളിതുവരെ കുടുംബശ്രീയ്ക്ക് കൈമാറിയിട്ടില്ല. ലഭിച്ച തുകകൾ പദ്ധതിയ്ക്കായുള്ള അക്കൗണ്ടിലേക്ക് മാറ്റേണ്ടതും അഗതിരഹിത കേരളം പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുമാണ്.

## 1-28-2 അഗതിരഹിത കേരളം- ചലഞ്ച് ഫണ്ട് യഥാസമയം കൈമാറി നൽകാത്തതിനാൽ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നില്ല

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിലാണ് 'അഗതി രഹിത കേരളം ' പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നത്. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് ഉത്തരവ് നം. KS/L/13100/2018 പ്രകാരം 10.03.2019-

തീയതിയിൽ 22,895 രൂപയും 16.02.2021-ലെ 13100/2018 /കെ.എസ്/എച്ച്.ഓ.(2) നമ്പർ ഉത്തരവ് പ്രകാരം 9,21,358 രൂപയും ചലഞ്ച് ഫണ്ട് അനുവദിച്ച് ഉത്തരവായി. എന്നാൽ നാളിതുവരെ പഞ്ചായത്ത് ഈ തുക കൈമാറി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 85 |
| ചികിത്സ | 85 |
| വിദ്യാഭ്യാസം | 23 |
| വീട് | 20 |
| ഭവനപുനരുദ്ധാരണം | 25 |
| കുടിവെള്ളം | 50 |
| കക്കൂസ് | 42 |

അനുവദിച്ച ചലഞ്ച് ഫണ്ട് നാളിതുവരെ കൈമാറി നൽകാത്തതിനാൽ അതിജീവന ആവശ്യങ്ങളായ ആരോഗ്യം, വസ്ത്രം, വിദ്യാഭ്യാസം എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ ഭക്ഷണത്തിനു വേണ്ടി രണ്ടു പ്രാവശ്യം ഫുഡ് കിറ്റ് വിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമമവുമായ നടത്തിപ്പിനായി വിലയിരുത്തൽ സമിതിയോ നിരന്തര വിലയിരുത്തലിനായി ഉപസമിതിയോ രൂപീകരിച്ച് യോഗങ്ങൾ ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ 17.10.2019-ലും 23.10.20-ലും മാത്രമാണ് വിലയിരുത്തലിനായി യോഗം കൂടിയിരിക്കുന്നത്. ഇതിൽ രണ്ടിലും മെമ്പർ സെക്രട്ടറിയായ വി.ഇ.ഒ. പങ്കെടുത്തിട്ടില്ല. അയൽക്കൂട്ട തലത്തിൽ മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടില്ല.

നിലവിൽ പദ്ധതിയിൽ 85 അഗതികുടുംബങ്ങളാണുള്ളത്. ഇതിൽ ഭവനരഹിതരായ ഒരാളും ജീർണ്ണിച്ച വീടുള്ള 15 പേരും ഉൾപ്പെടുന്നു. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ, പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-29 വ്യക്തികൾ പഞ്ചായത്തിന് വാഗ്ദാനം ചെയ്ത ഭൂമി- തുടർ നടപടിയില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ വിവിധ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികൾ ഭൂമി വിട്ടു നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതായി വിവധ ദിവസങ്ങളിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ വ്യക്തമാക്കുന്നു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാന നമ്പർ,തീയതി | തീരുമാനം |
|---|---|
| 10(1),26-11-2019 | അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ശ്രീ.വർക്കി എബ്രഹാം കാച്ചാണത്ത് തരാമെന്ന് സമ്മതിച്ച സ്ഥലം അളന്ന് കല്ലിട്ട് തിരിക്കുന്നതിനും ആയതിനു ശേഷം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും തീരുമാനിച്ചു. |
| 1(1),23-10-20 | പി.എച്ച്.സി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി 67ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കെട്ടിടം നിർമ്മിക്കാൻ 20സെന്റ് സ്ഥലം സൌജന്യമായി വിട്ടുനൽകാമെന്ന് ശ്രീ.സി.വി.മാത്യു,(റിട്ട.ക്യാപ്റ്റൻ) ചാലുമൂട്ടിൽ എന്നയാളുടെ ഭാര്യ ശ്രീമതി എൽസി വർഗീസും സമ്മതിച്ചിട്ടുണ്ട്. |

ഗ്രാമ പഞ്ചായത്തിന് വ്യക്തികൾ വാഗ്ദാനം നൽകിയ ഭൂമി പഞ്ചായത്തിന്റെ പേരിൽ കൂട്ടിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, അങ്കണവാടി കെട്ടിടം, പി.എച്ച്.സി കെട്ടിടം എന്നിവയുടെ നിർമ്മാണപുരോഗതിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/23-9-21)യുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ മറുപടി പ്രകാരം പി.എച്ച്.സിക്കുവേണ്ടി ലഭ്യമായ സ്ഥലം 11 ആർ 02 ച.മീ. പഞ്ചായത്തിന്റെ പേരിൽ 287/21 നമ്പർ ആധാര പ്രകാരം ചേർത്തിട്ടുണ്ട്. അങ്കണവാടിക്ക് വാഗ്ദാനം ചെയ്ത സ്ഥലം ലഭ്യമാക്കുന്നതിനും, പി.എച്ച്.

സി ക്ക് ലഭിച്ച സ്ഥലത്ത് ആയത് നിർമ്മിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ഇ-ടെണ്ടർ കൂടുതൽ അഭികാമ്യം

പ്രൊജക്ടുകളുടെ അടങ്കൽ തുക പരിഗണിക്കാതെ 2019-20 വർഷം ഭൂരിഭാഗം മരാമത്ത് വേലകളും ഇ ടെണ്ടർ മുഖേനയാണ് നടത്തിയത്. തൽഫലമായി 71 പ്രൊജക്ടുകളിലൂടെ 2485222/-രൂപ ടെണ്ടർ ബാലൻസ് ലഭിക്കുകയും, ആയതിലൂടെ പുതിയ 11 പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും പഞ്ചായത്തിന് സാധിച്ചു. ഇ-ടെണ്ടർ നടപ്പാക്കിയതു കാരണമായി ടെണ്ടർ നടപടികൾ കൂടുതൽ മത്സരാധിഷ്ഠിതമായതിനാലാണ് ഇത് സാധ്യമായത്. എന്നാൽ 2020-21 സാമ്പത്തിക വർഷം 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള നാമമാത്രമായ പ്രൊജക്ടുകളാണ് ഇ ടെണ്ടർ മുഖേന നടപ്പാക്കിയത്. ആയതിനാൽ ടെണ്ടർ നേടുന്നതിനുള്ള മത്സരം കുറയുകയും ടെണ്ടർ ബാലൻസിനുള്ള സാധ്യത ഇല്ലാതാവുകയും ചെയ്തു. അടങ്കൽ തുകയുടെ പരിധി പരിഗണിക്കാതെ ഇടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ് പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് അഭികാമ്യമെന്നുള്ള വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| ജില്ലാപഞ്ചായത്ത് | 4,00,000 | ലൈഫ് മിഷന് വിഹിതം- S0238/21 (SO) | 4,00,000 |
| ജില്ലാപഞ്ചായത്ത് | 66,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- S0139/21 | 66000 |
| ബ്ലോക്ക് പഞ്ചായത്ത് | 59,889 | അങ്കണവാടി പോഷകാഹാരം- S006/21 | 59,889 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -S0015/21 | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | കോവിഡ് രോഗ ബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ, നം. 141/21 | 2000000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ പേര് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | | നൽകിയ തുക ₹ | തുക ₹ | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0040/21) | 9,98,648 | 9,98,648 | ഇല്ല |
| കെ.എസ്.ഇ.ബി. | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0082/21) | 4,74,224 | 319290 | 154934 |
| കെ.എസ്.ഇ.ബി. | ആശ്രമംപടി – പുളുപ്പറമ്പിൽപ്പടി കല്ലേലി മണ്ണിൽ പടി പറങ്കിമാമൂട്ടിൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0075/21) | 1,18,000 | ഇല്ല | 1,18,000 |
| കേരളാ വാട്ടർ അതോറിറ്റി | വലിയകാവ് മണ്ണാറത്തേറ കുടിവെള്ള പദ്ധതി (S0050/21) | 10,00,000 | ഇല്ല | 10,00,000 |
| ചെറുകിട ജലസേചന വിഭാഗം | വലിയതോട് സംരക്ഷണഭിത്തി നിർമ്മാണം (ഉപാസനകടവ് ഭാഗം)- (S0231/17) | 4,01,500 | ഇല്ല | 4,01,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 39,00,588 | 11,00,000 | 50,00,588 | 2,77,921 | 47,22,667 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഈ ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-2000 | | 2003-04 | | വായനശാലകൾക്ക് വേണ്ടി ടി വി സെറ്റ് വാങ്ങിയത് | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1999-2000 | | 2003-04 | | ബുക്ക് ബൈന്റിംഗ് യൂണിറ്റ് | നിലനിൽക്കുന്നു |
| 3 | 1999-2000 | | 2003-04 | | തേനീച്ച വളർത്തൽ | നിലനിൽക്കുന്നു |
| 4 | 1999-2000 | | 2003-04 | | കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പദ്ധതി | നിലനിൽക്കുന്നു |
| 5 | 1999-2000 | | 2003-04 | | പുല്ലോലി വട്ടോലിക്കാവ് റോഡ്- തുക അധികം നൽകി | നിലനിൽക്കുന്നു |
| 6 | 1999-2000 | | 2003-04 | | ശുദ്ധജലവിതരണ പദ്ധതി | നിലനിൽക്കുന്നു |
| 7 | 1999-2000 | | 2003-04 | | മാലിന്യനിർമ്മാർജ്ജനപദ്ധതി | നിലനിൽക്കുന്നു |
| 8 | 1999-2000 | | 2003-04 | | മൃഗസംരക്ഷണം- മുൻഗണനാലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകി | നിലനിൽക്കുന്നു |
| 9 | 2002-03 | 3-7 | 2006-07 | 3.18.1.19 | തനതുഫണ്ട് ചെലവ് വൗച്ചറുകൾ/ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 10 | 2002-03 | 3-9 | 2006-07 | 3.18.1.19 | പ്ലാൻ പി ഡി ചെലവ് വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 11 | 2002-03 | 3-17 | 2006-07 | 3.18.1.19 | സാക്ഷരത വൗച്ചറുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 12 | 2002-03 | 3-12 | 2006-07 | 3.18.1.19 | വിവിധ വ്യക്തിഗത ധനസഹായം- 3 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |
| 13 | 2005-06 | 3-17 | 2007-08 | 3.14.1 | പഞ്ചായത്തിന്റെ അറ്റകുറ്റപ്പണി- കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നത് | നിലനിൽക്കുന്നു |
| 14 | 2007-08 | 3-1 | 2010-11 | 5.5.3.1 | ക്രമരഹിതവും അനധികൃതവുമായ ചെലവ്- പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം | നിലനിൽക്കുന്നു |
| 15 | 2007-08 | 3-37 | 2010-11 | 5.5.3.2 | നെല്ലിക്കമൺ നീർത്തടപദ്ധതി- സമയബന്ധിതമായി നടപ്പാക്കിയില്ല | നിലനിൽക്കുന്നു |
| 16 | 2012-13, 2013-14 | | 2014-15 | 3-9 | വ്യാജരേഖകൾ ചമച്ച് പണാപഹരണം- പദ്ധതി തുക പലിശ സഹിതം തിരികെ ഒടുക്കി(ഓഡിറ്റ് ഇംപാക്ട്) | നിലനിൽക്കുന്നു |
| 17 | 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി -അപാകതകൾ | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 18 | 2015-16 | 2-2 | 2016-17 | അനുബന്ധം 3 | തൊഴിൽനികുതി-അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

തൻ വർഷം ഈ ഇനത്തിൽ വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,94,20,007 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,96,70,622 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,61,500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 8500 | നക്ഷത്രകുമാർ എസ്, വി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 1,61,500 | നക്ഷത്രകുമാർ എസ്, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| നക്ഷത്രകുമാർ എസ്. | വി.ഇ.ഒ. ഗ്രേഡ് -II | നക്ഷത്രകുമാർ എസ്.<br>തെങ്ങുവിള തെക്കേതിൽ വീട്<br>കോലന്നൂർ<br>എഴുകോൺ പി.ഓ.<br>കൊല്ലം 691506 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/5/98 തീയതി 07.04.1999 | 5 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി3/154/98 | |

| | | |
|---|---|---|
| | തീയതി 28.11.2000 | |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 06.05.05/07.07.05 | |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/475/98 തീയതി 06.11..09/09.12.99 | |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/298/99 തീയതി 30.09.2000/02.11.2000 | |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/753/04 തീയതി 07.05.05/08.07.05 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/187/2000 തീയതി 02.11.01/31.01.02 | |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 01.08.05/03.10.05 | |
| 1999-2000 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/234/02 തീയതി 21.06.03 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4/755/04 തീയതി 01.08.05/03.10.05 | 6 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/418/03 തീയതി 15.10.03 | |
| 2001-02 (വരവ്, ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/484/05 തീയതി 19.11.2005 | 5 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/419/03 തീയതി 15.10.03/02.08.2004 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/698/05 തീയതി 07.01.06/05.05.2006 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/246/06 തീയതി 05.10.06/07.11.07 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/534/06 തീയതി 19.02.07/30.11.07 | 21 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി4/170/07 തീയതി 04.02.08 | 21 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി4/973/07 തീയതി 31.07.08/30.08.08 | 37 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5/446/10 തീയതി 08.09.10/08.10.10 | 61 |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി.6/305/13 തീയതി 16.05.13/13.08.14 | 10 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6/306/2013 തീയതി 16.05.13/ 13-08-2014 | 10 |
| 2012-13 | കെ.എസ്.എ.പി.റ്റി.എ-പി6/1203/14 തീയതി 26-03-2015/20.5.2015 | 8 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ-പി6/487/16 തീയതി 04-05-2016 | 8 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പ6/681/16 തീയതി 21-06-2016 | 20 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ..പി.റ്റി.എ-പി6/1288/16 തീയതി 02-12-2016 | 28 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/1111/17 തീയതി 23-09-2017 | 24 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/1631/18 തീയതി 10.01.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/926/2019 തീയതി 05.12.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6 – 659/2021 തീയതി 26.10.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്